ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.06.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) അടിയന്തരാവസ്ഥയ്ക്ക് ഇന്ന് അര നൂറ്റാണ്ട്. സംവിധാൻ ഹത്യ ദിവസിനോടുബന്ധിച്ച് രാജ്യത്ത് വിപുലമായ പരിപാടികൾ. അടിയന്തരാവസ്ഥയ്ക്കെതിരായ പോരാട്ടം ഇന്ത്യൻ ജനാധിപത്യത്തെ സംരക്ഷിക്കുന്നതിനുള്ള കൂട്ടായ പ്രവർത്തനമായിരുന്നെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.

   Samvidhaan Hatya Diwas being observed today to pay homage to those who suffered excesses during Emergency; Prime Minister Narendra Modi saluted those who stood firm in the fight against the Emergency.

2) ഇന്ത്യയുടെ ശുഭാൻശു ശുക്ല ഉൾപ്പെട്ട സംഘം അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്ക്; ആക്സിയം-4 ബഹിരാകാശ ദൗത്യം വിക്ഷേപിച്ചു.

   Axiom-4 mission, carrying Indian astronaut Shubhanshu Shukla to space, today launched from Kennedy Space Centre in Florida, United States.

3) ഷാങ്ഹായ് സഹകരണ സംഘടനയിലെ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ ഇന്ത്യൻ സംഘത്തെ രാജ്യരക്ഷാമന്ത്രി മന്ത്രി രാജ്നാഥ് സിംഗ് നയിക്കും.

   Defence Minister Rajnath Singh will lead a high-level Indian delegation to the Shanghai Cooperation Organisation (SCO) Defence Ministers' Meeting, in Qingdao, China, from today.

4) ഇറാൻ -ഇസ്രയേൽ വെടിനിർത്തൽ കരാറിനെ സ്വാഗതം ചെയ്ത് ഇന്ത്യ. വെടിനിർത്തലിനെ ഇരു രാജ്യങ്ങളും പൂർണ്ണമായും മാനിക്കണമെന്ന് ഐക്യരാഷ്ട്രസഭ.
India welcomed the ceasefire between Israel and Iran. United Nation Secretary-General Antonio Guterres urged Israel and Iran to fully respect the ceasefire and to stop fighting.

5) കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. വയനാട്ടിൽ കനത്ത മഴ തുടരുന്നു. ചൂരൽമല, മുണ്ടക്കൈ ഭാഗത്ത് ജാഗ്രതാ നിർദേശം.
IMD predicts heavy rainfall in various districts in Kerala. Heavy rains continue in Wayanad district. Alert issued for Mundakkai and Chooralmala areas in Wayanad.

**************************

## SAMVIDHAN HATYA DIVAS

രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിട്ട് ഇന്നേക്ക് അരനൂറ്റാണ്ട്. ഭരണഘടനാ മൂല്യങ്ങൾ അട്ടിമറിക്കപ്പെട്ടതിൻറെ ഓർമപ്പെടുത്തലായി രാജ്യം ഈ ദിവസം സംവിധാൻ ഹത്യ ദിവസ് ആയി ആചരിക്കുകയാണ്. അടിയന്തരാവസ്ഥ കാലത്ത് കടുത്ത പീഡനങ്ങൾ നേരിടേണ്ടി വന്നവർക്കുള്ള ആദരവായാണ് ദിനാചരണം. 1975 ജൂൺ 25 നാണ് ആഭ്യന്തര പ്രശ്നങ്ങൾ രാജ്യത്തിന് ഭീഷണിയുയർത്തുന്നതായി ചൂണ്ടിക്കാട്ടി രാഷ്ട്രപതിയായിരുന്ന ഫക്രുദ്ദീൻ അലി അഹമ്മദ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിക്ക് തിരഞ്ഞെടുപ്പ് കേസിൽ കോടതിയിൽ നിന്ന് തിരിച്ചടി ഉണ്ടായതിന് പിന്നാലെയായിരുന്നു ഈ നടപടി. 21 മാസം നീണ്ട അടിയന്തരാവസ്ഥക്കാലത്ത് പ്രതിപക്ഷനേതാക്കളെയടക്കം ജയിലടച്ചതിന് പുറമേ പത്രസ്വാതന്ത്ര്യമടക്കം രാജ്യത്ത് നിഷേധിക്കപ്പെട്ടു. ഇന്ത്യൻ

ജനാധിപത്യത്തിൻറെ ഇരുണ്ട ദിനങ്ങളായാണ് അടിയന്തരാവസ്ഥയെ ചരിത്രം വിലയിരുത്തുന്നത്.

**************************

## PM - EMERGENCY BOOK

അടിയന്തരാവസ്ഥയ്ക്കെതിരെ പോരാടിയവരെ അഭിവാദ്യം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. വ്യത്യസ്ത പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിക്കുന്ന നിരവധിപ്പേർ ഇന്ത്യൻ ജനാധിപത്യത്തെ സംരക്ഷിക്കുന്നതിനായി അടിയന്തരാവസ്ഥയ്ക്കെതിരെ ഒരുമിച്ച് പോരാടിയതായി അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. അടിയന്തരാവസ്ഥയ്ക്കെതിരായ പോരാട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പങ്കിനെക്കുറിച്ച് വിശദീകരിക്കുന്ന 'The Emergency Diaries-Years that forged a leader' എന്ന പുസ്തകം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ പ്രകാശനം ചെയ്യും. ജനാധിപത്യ മൂല്യങ്ങളെ സംരക്ഷിക്കുന്നതിനായി ശ്രീ മോദി നടത്തിയ പ്രവർത്തനങ്ങളാണ് പുസ്തകത്തിൽ പ്രതിപാദിക്കുന്നത്. അടിയന്തരാവസ്ഥ കാലത്തെ തൻറെ ജീവിത യാത്രയാണ് പുസ്തകത്തിലുള്ളതെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. അടിയന്തരവസ്ഥക്കാലത്തെ അനുഭവങ്ങൾ പങ്കുവയ്ക്കാൻ അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തു.

**************************

## Amit Shah (intro)

മാധ്യമ സ്വാതന്ത്ര്യം ചവിട്ടി മെതിക്കപ്പെടുകയും ജുഡീഷ്യറിയ്ക്ക് വിലങ്ങണിയിക്കുകയും ചെയ്ത അനീതിയുടെ ഇരുണ്ട കാലഘട്ടമായിരുന്നു അടിയന്തരാവസ്ഥ എന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. പുതു തലമുറ അടിയന്തരാവസ്ഥയെക്കുറിച്ച് മനസിലാക്കണമെന്നും, ജനാധിപത്യത്തിന് വേണ്ടി പോരാടിയ ലക്ഷകണക്കിന് മനുഷ്യരുടെ ത്യാഗത്തെ അനുസ്മരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു. അടിയന്തരാവസ്ഥയുടെ അൻപതാം വാർഷികവുമായി

ബന്ധപ്പെട്ട് ന്യൂഡൽഹിയിൽ ഇന്നലെ നടന്ന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.
(ഹോൾഡ്)

അടിയന്തരാവസ്ഥയ്ക്കെതിരെ പോരാടിയ ജനങ്ങൾ രാജ്യത്ത് ജനാധിപത്യം നിലനിർത്തുന്നതിൽ നിർണായക സംഭാവനകളാണ് നൽകിയതെന്ന് രാജ്യ രക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു .ഇന്ത്യൻ ജനാധിപത്യത്തിലെ ഇരുണ്ട അധ്യായമായാണ് അടിയന്തരാവസ്ഥക്കാലമെന്ന് കോൺഗ്രസിനെതിരെ വിമർശനമുയർത്തിക്കൊണ്ട് കേന്ദ്രമന്ത്രിയും ബിജെപി ദേശീയ അധ്യക്ഷനുമായ ജെ.പി നഡ്ഡ പറഞ്ഞു.

***************************

## AXIOM-4 (INTRO)

ഇന്ത്യയുടെ ശുഭാൻശു ശുക്ല ഉൾപ്പെടെ നാല് യാത്രികരെ അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കെത്തിക്കുന്ന ആക്സിയം-4 ദൗത്യത്തിന് തുടക്കമായി. ഫ്ലോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽ നിന്ന് ഇന്ത്യൻ സമയം ഉച്ചയ്ക്ക് 12.01 നായിരുന്നു വിക്ഷേപണം. നാളെ വൈകുന്നേരം ആക്സിയം-4 അന്താരാഷ്ട്ര ബഹിരാകാശ നിലയവുമായി ഡോക്ക് ചെയ്യുമെന്ന് ISRO വ്യക്തമാക്കി. സാങ്കേതിക കാരണങ്ങളാൽ അഞ്ച് തവണയാണ് ആക്സിയം ദൗത്യം മാറ്റിവച്ചത്.
നാസ, ആക്സിയം സ്പേസ്, സ്പേസ് എക്സ് എന്നിവയുടെ 14 ദിവസത്തെ സംയുക്ത ബഹിരാകാശ ദൗത്യമാണ് ആക്സിയം-4. ദൗത്യത്തിൽ പങ്കാളിയാകാൻ സാധിച്ചതിൽ ഏറെ സന്തോഷമുണ്ടെന്ന് ശുഭാൻശു ശുക്ള പറഞ്ഞു.
(ഹോൾഡ് വോയ്സ്)

***************************

## JITENDRA SINGH - SUBHANSHU SHUKLA

ആക്സിയം-4 ദൗത്യത്തിൻറെ ഭാഗമായ ഇന്ത്യൻ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാൻഷു ശുക്ലയെ അഭിനന്ദിച്ച് കേന്ദ്ര മന്ത്രി ജിതേന്ദ്ര സിംഗ്.

ഇന്ത്യയ്ക്ക് അഭിമാനകരമായ നിമിഷമാണിതെന്ന് അദ്ദേഹം പറഞ്ഞു. ഐ.സ്.ആർ.ഒ. യുടെ വർദ്ധിച്ചു വരുന്ന ആഗോള സഹകരണം ഇന്ത്യയെ ബഹിരാകാശ രംഗത്തെ മുൻനിര രാഷ്ട്രമാക്കിയതായും അദ്ദേഹം പറഞ്ഞു.

**************************

## RAJNATH-SCO

ചൈനയിലെ ക്വിങ്ദാവോയിൽ ഇന്നാരംഭിക്കുന്ന ഷാങ്ഹായ് സഹകരണ സംഘടനയിലെ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ ഇന്ത്യൻ സംഘത്തെ രാജ്യരക്ഷാമന്ത്രി മന്ത്രി രാജ്നാഥ് സിംഗ് നയിക്കും. ആഗോള സമാധാനത്തിനും സുരക്ഷയ്ക്കും വേണ്ടിയുള്ള ഇന്ത്യയുടെ കാഴ്ചപ്പാട് യോഗത്തിൽ അവതരിപ്പിക്കുമെന്ന് ശ്രീ രാജ്നാഥ് സിങ്ങ് വ്യക്തമാക്കി. ഭീകരത ഇല്ലാതാക്കുന്നതിനുള്ള സംയുക്ത ശ്രമങ്ങൾക്കും ആഹ്വാനം നൽകുമെന്ന് അദ്ദേഹം അറിയിച്ചു. ചൈനയും റഷ്യയും ഉൾപ്പെടെയുള്ള ഷാങ്ഹായ് രാജ്യങ്ങളിലെ പ്രതിരോധ മന്ത്രിമാരുമായി ഉഭയകക്ഷി ചർച്ചകൾ നടത്തുമെന്നും രാജ്യരക്ഷാ മന്ത്രി വ്യക്തമാക്കി.

**************************

## Iran Israel

ഇറാനും ഇസ്രയേലും തമ്മിലുള്ള വെടിനിർത്തൽ കരാറിനെ സ്വാഗതം ചെയ്ത് ഇന്ത്യ. സമാധാനം പുനഃസ്ഥാപിക്കാൻ അമേരിക്കയും ഖത്തറും വഹിച്ച പങ്കിനെയും ഇന്ത്യ പ്രശംസിച്ചു. വെടിനിർത്തൽ പ്രഖ്യാപനത്തെ ഐക്യരാഷ്ട്ര സഭാ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസും സ്വാഗതം ചെയ്തു. ഇരു രാജ്യങ്ങളും വെടിനിർത്തലിനെ പൂർണ്ണമായി മാനിക്കണമെന്നും യുദ്ധം അവസാനിപ്പിക്കണമെന്നും ഗുട്ടെറസ് അഭ്യർത്ഥിച്ചു. വെടിനിർത്തൽ ഔദ്യോഗികമായി പ്രാബല്യത്തിൽ വന്നതായി ഇന്നലെ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് വ്യക്തമാക്കിയിരുന്നു. എന്നാൽ ഇസ്രയേലും ഇറാനും വെടിനിർത്തൽ കരാർ വീണ്ടും

ലംഘിച്ചെന്നും ട്രംപ് വിമർശനമുയർത്തി. ഇറാനിൽ ബോംബുകൾ വർഷിക്കരുതെന്ന് ഇസ്രയേലിന് യുഎസ് പ്രസിഡന്റ് മുന്നറിയിപ്പ് നൽകി. ഇസ്രായേൽ വെടിനിർത്തൽ കരാർ പാലിക്കുന്നിടത്തോളം ഇറാനും കരാറിനെ മാനിക്കുമെന്ന് ഇറാൻ പ്രസിഡന്റ് മസൂദ് പെഷേഷ്കിയൻ പറഞ്ഞു. ഇതോടെ പശ്ചിമേഷ്യ സാധാരണ നിലയിലേക്ക് മടങ്ങുകയാണ്. മേഖലയിൽ
വ്യോമഗതാഗതം പുനരാരംഭിച്ചിട്ടുണ്ട്.

**************************

## OP SINDHU ISRAEL

ഓപ്പറേഷൻ സിന്ധുവിൻറെ ഭാഗമായി 818 ഇന്ത്യക്കാർ ഇസ്രയേലിൽ നിന്നും മടങ്ങിയെത്തി. വ്യോമസേനയുടെ വിമാനത്തിൽ ഇന്ന് രാവിലെ എത്തിയ 224 ഇന്ത്യക്കാരെ കേന്ദ്ര സഹമന്ത്രി ശോഭാ കരന്തലാജേ
സ്വീകരിച്ചു. ഇന്ത്യൻ പൗരന്മാരുടെ സുരക്ഷയ്ക്കും ക്ഷേമത്തിനുമാണ് സർക്കാർ പരിഗണന നൽകുന്നതെന്ന് വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

**************************

## TRUMP IRAN NUCLEAR

ഇറാന്റെ ആണവ കേന്ദ്രം നശിപ്പിക്കപ്പെട്ടില്ലെന്ന മാധ്യമ റിപ്പോർട്ടുകൾ തള്ളി യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. അമേരിക്കൻ വ്യോമാക്രമണങ്ങൾ ഇറാന്റെ ആണവ പദ്ധതിയെ പൂർണ്ണമായും നശിപ്പിച്ചുവെന്ന ട്രംപ് ഭരണകൂടത്തിന്റെ അവകാശവാദങ്ങളിൽ സംശയം പ്രകടിപ്പിക്കുന്ന ഇന്റലിജൻസ് റിപ്പോർട്ട് രണ്ട് അമേരിക്കൻ മാധ്യമങ്ങൾ വെളിപ്പെടുത്തിയതിന് പിന്നാലെയാണ് പ്രതികരണം. ചരിത്രത്തിലെ ഏറ്റവും വിജയകരമായ സൈനിക ആക്രമണത്തെ താഴ്ത്തിക്കെട്ടാനാണ് മാധ്യമ സ്ഥാപനങ്ങൾ ശ്രമിക്കുന്നതെന്ന് ട്രംപ് വിമർശിച്ചു.

**************************

## Wayanad (INTRO)

വയനാട്ടിൽ അതിശക്തമായ മഴ. ചുരൽമല, മുണ്ടക്കൈ ഭാഗത്ത് വീണ്ടും ഉരുൾ പൊട്ടിയതായി സംശയം. പുന്നപ്പുഴയിലൂടെ മരങ്ങളും പാറക്കല്ലുകളും ഒഴുകിയെത്തി. അട്ടമല പ്രദേശത്ത് റോഡിൽ വെള്ളം കയറിയതോടെ നിരവധി തൊഴിലാളികൾ ഒറ്റപ്പെട്ടു.

ജില്ലാ ഭരണകൂടം അല്പസമയത്തിനകം പ്രദേശം സന്ദർശിക്കും. നാട്ടുകാരുടെ നേതൃത്വത്തിൽ ജലസേചന വകുപ്പിന്റെ വാഹനം തടഞ്ഞു വച്ചിരിക്കുകയാണ്. ഇന്നലെ രാത്രിയിൽ ആരംഭിച്ച മഴ ഇപ്പോഴും തുടരുകയാണ്.

*വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്..........*
*(വോയിസ്)*

**************************

## RAIN-KERALA

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. എട്ടു ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള, ലക്ഷദ്വീപ് തീരങ്ങളിൽ നിന്ന് നാളെ മത്സ്യബന്ധനത്തിന് പോകരുതെന്ന് മുന്നറിയിപ്പുണ്ട്.

**************************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 29 ന് രാവിലെ 11ന്. പരിപാടിയുടെ 123-ാം പതിപ്പാണിത്. പരിപാടിയെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും MyGov ഓപ്പൺ ഫോറത്തിലൂടെയും വെള്ളിയാഴ്ച വരെ അറിയിക്കാവുന്നതാണ്.

**************************

**KAILASH MANASAOVAR YATRA**

കൈലാസ് മാനസരോവർ യാത്രയ്ക്കായി 47 തീർത്ഥാടകരുടെ രണ്ടാം സംഘം ഇന്ന് രാവിലെ യാത്ര തിരിച്ചു. യാത്ര സുഗമമാക്കുന്നതിന് സിക്കിം സർക്കാർ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

*************************

**NEERAJ CHOPRA**

ഇന്ത്യൻ ജാവലിൻ ത്രോ താരവും ഒളിമ്പിക് മെഡൽ ജേതാവുമായ നീരജ് ചോപ്രക്ക് ഓസ്ട്രാവ ഗോൾഡൻ സ്പൈക്ക് മീറ്റിൽ കിരീടം. ചെക്ക് റിപ്പബ്ലിക്കിൽ ഇന്നലെ നടന്ന മത്സരത്തിൽ 85.29 മീറ്റർ എറിഞ്ഞാണ് നീരജ് സ്വർണ്ണം നേടിയത്.

*************************

*****************

********